# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5625 24.05.2017-ൽ മറുപടിയ്ക്ക്

**പൂഞ്ഞാർ സർക്കാർ ആയുർവേദ ആശുപത്രി**

| ചോദ്യം<br>ശ്രീ.പി.സി.ജോർജ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പാറത്തോട് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ ആയുർവേദാശുപത്രിയിൽ ദിനംപ്രതി നൂറുകണക്കിന് രോഗികൾ എത്തുന്നത് പരിഗണിച്ച്, കാഞ്ഞിരപ്പള്ളി താലൂക്കിലെ ഈ ആശുപത്രിയെ കിടത്തിച്ചികിത്സയ്ക്ക് സൗകര്യമുള്ള ആയുർവേദാശുപത്രിയാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | പാറത്തോട് പഞ്ചായത്തിലെ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ നിലവിലുള്ള സാഹചര്യത്തിൽ കിടത്തി ചികിത്സയ്ക്കുള്ള സൗകര്യം ഇല്ല. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ആവശ്യമായ ഭൗതീക സാഹചര്യമൊരുക്കി, കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്ന പക്ഷം ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | പാറത്തോട് ഗ്രാമപഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചുവരുന്ന ഈ ആശുപത്രിയെ വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം നിലവിലുള്ളത് കണക്കിലെടുത്ത് ഇവിടെ കിടത്തിച്ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ